**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1047** **24-02-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖാന്തരം അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം കുറിച്ചി ഗ്രാമപഞ്ചായത്തിലെ ചലചിറ-കല്ലുകടവ്-കോയിപ്പുറം ജംഗ്ഷൻ റോഡ് പ്രവൃത്തിയ്ക്ക് സ.ഉ.(സാധാ) നം.738/2021/മ. തു.വ തീയതി, 10/12/2021 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). കൂടാതെ മത്സ്യഫെഡ്, സഹകരണ ബാങ്കുമായി ചേർന്നുള്ള 3 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ (പുഴവാത് സർവ്വീസ് സഹകരണ ബാങ്ക്, കുറിച്ചി സഹകരണ ബാങ്ക്, പായിപ്പാട് സഹകരണ ബാങ്ക്) ഈ മണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതിക്കായി ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ? | (ബി) | ഭരണാനുമതിക്കായി മറ്റ് പ്രൊപ്പോസലുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന വകുപ്പ് - കോട്ടയം ജില്ലയിലെ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ.(സാധാ) നം.738/2021/മ.തു.വ          തീയതി,തിരുവനന്തപുരം, 10/12/2021

---

പരാമർശം:- ഹാർബർ വകുപ്പ് ചീഫ് എൻജിനീയറുടെ 20/09/2021-ലെ എച്ച്.ഇ.സി.ഇ/445/2021/ഡിആർ4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനായി പരാമർശ പ്രകാരം ഹാർബർ വകുപ്പ് ചീഫ് എൻജിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിലെ ചാലച്ചിറ കല്ലുക്കടവ് - കോയിപ്പുറം ജംഗ്ഷൻ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക്, പ്രവൃത്തി തുക 70.00 ലക്ഷം രൂപ (എഴുപത് ലക്ഷം രൂപ മാത്രം) ആയി നിജപ്പെടുത്തി കൊണ്ട് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക 2021-22 സാമ്പത്തിക വർഷത്തെ "4405-00- 103- 94 Upgradation of Coastal Roads" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sabitha Sadasivan
സെക്ഷൻ ഓഫീസർ
Date: 10-12-2021 11:35:37
Reason: Approved